(ഇ) റോഡ് നിർമ്മാണത്തിനുള്ള ഭരണാനുമതിയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും നൽകേണ്ടതുണ്ട്. ഇതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) നടപ്പിലാക്കേണ്ട മിക്കവാറും എല്ലാ പ്രവർത്തികൾക്കും ഭരണാനുമതി നൽകിക്കഴിഞ്ഞു. കരാറുകാർക്ക് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബില്ലുകൾ അനുവദിക്കുന്നതിനുള്ള കാലതാമസമാണ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാനുള്ള തടസ്സം.

(ജി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മുൻഗണന പ്രകാരമാണ് ബില്ലുകൾ പാസ്സാക്കുന്നത്;

(എച്ച്) ഇതിനോടകം തന്നെ ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. സമുച്ചയം പ്രവർത്തനം ആരംഭിക്കുന്നതിനും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നു.

ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മരുന്നുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് നടപടി

82 [181] *ശ്രീ. പി. കെ. കെ. ബാവ:*
,, *കളത്തിൽ അബ്ദുള്ള:*
,, *സി. മോയിൻകുട്ടി:*
,, *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ മരുന്നുകൾ സ്റ്റോക്കുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്റ്റോക്ക് തീർന്നിട്ട് എത്രനാളായി;

(സി) ഇതിനകം മരുന്ന് സ്റ്റോക്ക് ചെയ്യാൻ നടപടി പൂർത്തിയാക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(ഡി) തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്ക് ആശുപത്രിയിൽനിന്ന് മരുന്ന് നൽകാതെ പുറമേനിന്ന് വാങ്ങാൻ കുറിപ്പ് നൽകുന്നതുകാരണം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) സ്റ്റോക്കുള്ള മരുന്നുകൾ വിതരണം ചെയ്യുന്നതിൽ ഉത്തരവാദപ്പെട്ടവർ അനാസ്ഥ കാണിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(ജി) എങ്കിൽ കുറ്റക്കാരെ ശിക്ഷാ നടപടികൾക്ക് വിധേയരാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) & (ജി) സ്റ്റോക്കുള്ള മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. സ്റ്റോക്കുള്ള മരുന്നുകൾ വിതരണം ചെയ്യുന്നില്ല എന്ന പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൻകീഴിലുള്ള ഐ.റ്റി.സി.യുടെ പ്രവർത്തനം

83 [182] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജക മണ്ഡലത്തിലെ ചേരിക്കലിൽ പ്രവർത്തിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.റ്റി.സി. യിൽ ആവശ്യത്തിന് കോഴ്സുകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നു വിശദമാക്കാമോ;

(സി) പ്രസ്തുത ഐ.റ്റി.സി.യുടെ ഉന്നതിക്കായി എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പന്തളം ചേരിക്കൽ ഐ.റ്റി.സി.യിൽ കമ്പ്യൂട്ടർ ഓപ്പറേഷൻ ആന്റ് പ്രോഗ്രാമിങ്ങ് അസിസ്റ്റന്റ് എന്ന കോഴ്സ് കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. പ്രസ്തുത കോഴ്സ് കൂടി ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യം മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്.

വിവിധ പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം ലഭിച്ച പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

84 [183] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയനവർഷം പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly